# ആ ദിനത്തിനു വേണ്ടിയുള്ള മുന്നൊരുക്കങ്ങൾ

عن البرّاء بن عَازب رضي الله عنه قال: بَيْنما مَعَ رَسُولِ الله ﷺ إذْ بَصَرَ بِجَمَاعَةٍ فَقَالَ: عَلَام اجتمع عَلَيه هؤلأءِ؟

قيلَ: عَلَى قَبَرٍ يحفِرُونَهُ فَفَزعَ رَسُولُ الله ﷺ. فَبَدَرَ بَيْنَ يَدَى أَصْحابِه مُسْرِعاً حَتَّى انتهى إلى القبر.

فَجَثَا عَلَيِه فبكَى حَتى بَلّ الثرى مَن دُمُوعِهِ ثم أقبلَ علينَا قال: أيْ إخواني لِمِثْل اليوْمِ فأعِدّوا (أحمد)

***ബർറാഉബ്നു ആസിബി(റ)ൽനിന്ന്: "ഞങ്ങൾ അല്ലാഹുവിന്റെ ദൂതനോടൊപ്പം നടക്കുകയായിരുന്നു. അപ്പോൾ ഒരു ആൾക്കൂട്ടത്തെ കണ്ടു. അവിടുന്ന് ചോദിച്ചു: 'എന്തിനുവേണ്ടിയാണ് ജനങ്ങൾ അവിടെ കൂടിനിൽക്കുന്നത്?' ഒരാൾ പറഞ്ഞു: 'അവർ ഒരു ഖബ്ർ കുഴിച്ചുകൊണ്ടിരിക്കുകയാണ്.' അതുകേട്ട് നബി(സ) പരിഭ്രാന്തനായി. അനുചരന്മാർക്ക് മുമ്പെ വേഗത്തിൽ അദ്ദേഹം അവിടേക്ക് നടന്നു. എന്നിട്ട് ഖബ്റിന് സമീപം മുട്ടുകുത്തി. താഴെയുള്ള മണ്ണ് നനയുവോളം അവിടുന്ന് കരഞ്ഞു. ശേഷം ഞങ്ങളുടെ നേരെ തിരിഞ്ഞ് പറഞ്ഞു: സഹോദരന്മാരേ, ഇതുപോലുള്ള ഒരു ദിനത്തെ നേരിടുന്നതിന് നിങ്ങൾ മുന്നൊരുക്കങ്ങൾ നടത്തുക" ****

**മരണം** അനിവാര്യമായ ഒരു യാഥാർഥ്യമാണ്. ആഗ്രഹിച്ചാലും ഇല്ലെങ്കിലും ഒരു നാൾ എല്ലാവരും മരിക്കും. ഒരാളുടെയും അനുമതിക്കുവേണ്ടി മരണം കാത്തുനിൽക്കുകയില്ല. അപ്രതീക്ഷിതമായിട്ടായിരിക്കും പലപ്പോഴും അത് കടന്നുവരിക. ഈ ഘട്ടത്തെ മുഖാമുഖം കാണുന്നതിനു മുമ്പ് ജീവിതത്തെ സൽക്കർമനിരതമാക്കൂ എന്ന് ഓർമിപ്പിക്കുകയാണ് ഈ പ്രവാചകവചനം.

മരണത്തോടെ അവസാനിക്കുന്നതല്ല ജീവിതം. ആയിരുന്നെങ്കിൽ മരണത്തെ ഓർത്ത് വെപ്രാളപ്പെടേണ്ട കാര്യമില്ല. വരുന്നേടത്തുവെച്ച് കാണാം എന്ന് തീരുമാനിച്ചാൽ മതിയാകുമായിരുന്നു. എന്നാൽ മരണം അതീവ ഗുരുതരവും അപരിചിതവുമായ മറ്റൊരു ലോകത്തേക്കുള്ള കവാടമാണെങ്കിലോ! എങ്കിൽ ഏറ്റവും കൂടുതൽ പരിഗണന അർഹിക്കുന്ന ഒന്നായിത്തീരുന്നു മരണം. ഒരാൾ മരണത്തെ ഓർക്കുമ്പോൾ സ്വന്തത്തെ ഓർക്കുകയും അതിനെ മറക്കുമ്പോൾ സ്വന്തത്തെ മറക്കുകയുമാണ് ചെയ്യുന്നത്. ഒരാൾ നബിയോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ജനങ്ങളിൽ ബുദ്ധിശാലികളും മാന്യന്മാരും ആരാണ്?" അവിടുന്ന് പറഞ്ഞു: "ഏറ്റവും കൂടുതലായി മരണത്തെ ഓർക്കുകയും അതിനുവേണ്ടി തയാറെടുപ്പുകൾ നടത്തുകയും ചെയ്യുന്ന വരാരോ അവരാണ് ഏറ്റവും കൂടുതൽ ബുദ്ധിയുള്ളവർ. ദുൻയാവിലെ മാന്യതയും പാരത്രിക ലോകത്തെ ശ്രേഷ്ഠതയും അവർക്ക് സ്വന്തം" (ഇബ്നുമാജ, ഇബ്നു അബിദ്ദുൻയാ). ഇമാം തിർമിദി ഉദ്ധരിക്കുന്ന മറ്റൊരു തിരുവചനം: "സ്വശരീരത്തെ വിധേയപ്പെടുത്തുകയും മരണാനന്തരജീവിതത്തിന് മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്യുന്നവനാണ് ബുദ്ധിമാൻ. ദേഹേഛകളിൽ അഭിരമിച്ച്, ദൈവപ്രീതിയിൽ പ്രതീക്ഷ പുലർത്തുന്നവൻ കഴിവുകെട്ടവനും."

ജഢികേഛകളെയും പൈശാചിക പ്രലോഭനങ്ങളെയും മറികടക്കാനുള്ള ഫലപ്രദമായ മാർഗമാണ് മരണചിന്ത. മരണബോധം തെറ്റുകുറ്റങ്ങളിൽനിന്ന് വിട്ടുനിൽക്കാനുള്ള ശക്തമായ പ്രേരണയാണ്. അത്തരക്കാർ നശ്വരമായ ഭൗതിക ലോകത്തേക്കാൾ അനശ്വരമായ പരലോകജീവിതത്തിന് മുൻഗണന നൽകും. ഭൗതികവിഭവങ്ങൾ അത്തരക്കാരെ മോഹവലയത്തിലകപ്പെടുത്തില്ല. ഉമറുബ്നു അബ്ദിൽ അസീസ്(റ) ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് പറഞ്ഞു: "ജനങ്ങളേ, നിങ്ങളെ വിനോദത്തിന് സൃഷ്ടിച്ചതല്ല; നിങ്ങളെ വെറുതെ വിട്ടുകളയുമെന്നും കരുതേണ്ട. നിങ്ങളുടെ കർമങ്ങൾക്ക് തീർപ്പുകൽപിക്കുന്ന ഒരു ദിനം വരാനുണ്ട്. അന്നാളിൽ അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്നും അനുഗ്രഹത്തിൽനിന്നും അകറ്റപ്പെടുന്നവൻ ഏറ്റവും നിർഭാഗ്യവാൻ! അല്ലാഹുവിനെ ഭയപ്പെടുകയും ഐഹികലോകത്തെ പാരത്രിക ലോകത്തിന് പകരമായി വിൽക്കുകയും ചെയ്തവന്നാണ് അന്ന് ശാശ്വതമായ സൗഖ്യവും സമാധാനവും. നിങ്ങളിൽനിന്ന് മരണപ്പെടുന്നവരെ നിത്യേന രാവിലെയും വൈകുന്നേരവും നിങ്ങൾ അല്ലാഹുവിങ്കലേക്ക് യാത്രയാക്കിക്കൊണ്ടിരിക്കുന്നു. തലയിണയും വിരിപ്പുമില്ലാത്ത മൺകുഴികളിൽ നിങ്ങൾ അവരെ മറമാടി തിരിച്ചുപോരുന്നു. നിങ്ങൾ ചിന്തിക്കുന്നില്ലേ, ഐഹികലോകത്തെ സർവതിനോടും അവർ വിടപറഞ്ഞിരിക്കുന്നു. അവരുടെ വിചാരണാദിനം അതാ സമാഗതമായി." ഇത്രയും പറഞ്ഞ് വസ്ത്രത്തിൽ മുഖമമർത്തി അദ്ദേഹം നിർത്താതെ കരഞ്ഞു.

മരണപ്പെട്ടവരെ ഓർക്കുക, രോഗികളെയും മരണാസന്നരെയും ശുശ്രൂഷിക്കുക, ഖബ്റുകൾ സന്ദർശിക്കുക -ഇതൊക്കെ മരണത്തെയും പരലോകത്തെയും കുറിച്ച ഓർമ സജീവമായി നിലനിർത്തും. ഒരിക്കൽ അബൂദർറുൽ ഗിഫാരിയെ നബി ഉപദേശിച്ചു: "നീ ഖബ്റുകൾ സന്ദർശിക്കുക; അത് നിന്നിൽ പരലോകത്തെ കുറിച്ച് ഓർമ ഉണർത്തും. മരണപ്പെട്ടവരെ കുളിപ്പിക്കുക. ജീവനില്ലാത്ത ശരീരത്തിന് കർമശുശ്രൂഷ ചെയ്യുന്നത് ശക്തമായ ഒരുദ്ബോധനം തന്നെയാണ്. നീ ജനാസ നമസ്കരിക്കുക; അത് ചിലപ്പോൾ നിന്നെ വ്യസനിപ്പിച്ചേക്കും. ദുഃഖിതന് അന്ത്യനാളിൽ അല്ലാഹുവിന്റെ തണലുണ്ടാവും" (ഹാകിം). റബീഉബ്നു ഖൈസം എന്ന പണ്ഡിതൻ തന്റെ വീട്ടിൽ ഒരു ഖബ്ർ കഴിച്ചു. ഇത് സംസാരവിഷയമായപ്പോൾ അദ്ദേഹത്തിന്റെ മറുപടി 'മരണത്തെക്കുറിച്ച ഓർമ എനിക്ക് നഷ്ടമാവുമോ എന്ന് ഞാൻ ഭയപ്പെട്ടു. മരണസ്മരണയില്ലാത്ത ഹൃദയം നശിച്ചതു തന്നെ!'

സൃഷ്ടിശ്രേഷ്ഠനായ പ്രവാചകനെപ്പോലും മരണബോധം പിടിച്ചുകുലുക്കിയെന്ന് ആദ്യം കൊടുത്ത ഹദീസ് വ്യക്തമാക്കുന്നുണ്ടല്ലോ. മറ്റൊരു തിരുവചനം ഇങ്ങനെയാണ്: "മരണശേഷം വരാനിരിക്കുന്ന കാര്യങ്ങൾ അറിഞ്ഞിരുന്നെങ്കിൽ മനുഷ്യൻ ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്യുമായിരുന്നില്ല. ഭൗതികകാര്യങ്ങളിൽനിന്നെല്ലാം അകന്ന് അവൻ മാറത്തടിച്ച് നിലവിളിച്ചുകൊണ്ടിരിക്കും" (ത്വബറാനി).

**ജഅ്ഫർ എളമ്പിലാക്കോട്**

*ഇമാം ബുഖാരി *അത്താരീഖിലും* ഇബ്നുമാജ *സുനനിലും* ഇമാം അഹ്മദ് *മുസ്നദിലും* ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. ഇതിന്റെ നിവേദക പരമ്പര *ഹസനാണെന്ന്* പ്രമുഖ ഹദീസ് പണ്ഡിതൻ നാസിറുദ്ദീൻ അൽബാനി അഭിപ്രായപ്പെടുന്നു.